നം.എച്ച്.എം.സി/4075/2021/ജി.മാ.ആ

ജില്ലാമാതൃകാആശുപത്രി
പേരൂർക്കട, തീയതി.18/08/2021

## ദർഘാസ്/ലേല പരസ്യം

തിരുവനന്തപുരം പേരൂർക്കട ജില്ലമാതൃകാ ആശുപത്രിയിലെ കാന്റീൻ അടുത്ത ഒരു വർഷത്തേയ്ക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഏറ്റെടുത്ത് നടത്തുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപന ങ്ങളിൽ നിന്നും ദർഘാസ്/ലേലം ക്ഷണിച്ചു കൊള്ളുന്നു. മുദ്രവച്ച കവറിലാക്കിയ ദർഘാസുകൾ 18-09-2021 ന് രാവിലെ 11 മണിയ്ക്ക് മുമ്പ് ഈ ആഫീസിൽ ലഭിക്കത്തക്ക വിധം സൂപ്രണ്ട്, ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. 19/09/2021 -ന് രാവിലെ 11.30 മണിയ്ക്ക് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ ചുമതലപ്പെടുത്തയവരുടേയോ സാന്നിദ്ധ്യത്തിൽ ലേലം നടത്തി ദർഘാസുകൾ തുറക്കുന്നതാണ്. കവറിന് പുറത്ത് മുകളിൽ കാണുന്ന നമ്പർ രേഖപ്പെടുത്തേണ്ടതാണ്. വൈകി വരുന്നവ പരിഗണിക്കുന്നതല്ല. പൂർണ്ണമായ മേൽവിലാസം ഇല്ലാത്തതോ വ്യവസ്ഥ കൾ പാലിച്ചിട്ടില്ലാത്തതോ ആയ ദർഘാസുകൾ നിരസിക്കുന്നതാണ്. കൂടാതെ ദർഘാസ് സമർപ്പിക്കുന്ന ആളുടെ തിരിച്ചറിയൽ രേഖ ടി സമയത്ത് ഹാജരാക്കേണ്ടതാണ്.

**വ്യവസ്ഥകൾ**

1) കാന്റീൻ നടത്തുന്നതിനാവശ്യമായ ഫർണിച്ചറും മറ്റ് സാധനങ്ങളും കരാറുകാരനിൽ നിക്ഷിപ്തമാണ്.
2) പ്രതിമാസം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയിൽ അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന തുക അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതും തുക 5000/- (അയ്യായിരംരൂപ) മാത്രം നിരതദ്രവ്യമായി ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നുള്ള ഡി.ഡി ഉള്ളടക്കം ചെയ്യേണ്ടതുമാണ്. ഇല്ലാത്തവ നിരസിക്കുന്നതായിരിക്കും.
3) ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം പാലിക്കേണ്ട എല്ലാ നിബന്ധനകളും ക്യാന്റീൻ നടത്തിപ്പിൽ പാലിക്കേണ്ടതാണ്.
4) ഭക്ഷ്യ സുരക്ഷാ അധികൃതരിൽ നിന്നുള്ള ലൈസൻസ്/രജിസ്ട്രേഷൻ നമ്പറിന്റെ പകർപ്പും ഉള്ളടക്കം ചെയ്യേണ്ടതാണ്. വിൽക്കാനുള്ള ഉൽപ്പന്നങ്ങളുടെയും ആഹാ രസാധനങ്ങളുടെയും വിലരേഖപ്പെടുത്തി ഇതോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട താണ്.
5) ആശുപത്രി കാന്റീനിൽ സർക്കാർ നിരോധിച്ചിരിക്കുന്ന ഉൽപന്നങ്ങളോ ആഹാര സാധനങ്ങൾ അല്ലാത്തവയോ വിൽക്കാൻ പാടുള്ളതല്ല.
6) ആശുപത്രി ജീവനക്കാർക്കും (ഡോക്ടർമാർക്കുംസ്റ്റാഫിനും പ്രത്യേകം) പൊതുജനങ്ങൾക്കും പ്രത്യേകം സെക്ഷൻ ഉണ്ടായിരിക്കേണ്ടതും ജീവനക്കാർക്ക് പ്രത്യേക നിരക്കിൽ സാധനങ്ങൾ നൽകേണ്ടതുമാണ്. ഇക്കാര്യം ദർഘാസിൽ സൂചിപ്പിക്കേണ്ടതാകുന്നു. (ഭക്ഷണസാധനങ്ങളുടെ നിരക്ക് ജീവന ക്കാർക്കുള്ള പ്രത്യേക നിരക്ക് ).
7) കരാർ കാലാവധിക്കുള്ളിൽ നിരക്ക് വർദ്ധനവ് ആശുപത്രി വികസന സമിതിയുടെ അനുവാദം ഇല്ലാതെ നടത്താൻ പാടുള്ളതല്ല.

Scanned with CamScanner

8) കാന്റീൻ സ്ഥിരപ്പെടുത്തിക്കിട്ടുന്ന കരാറുകാരൻ മൂന്ന് മാസത്തെ വാടക
മുൻകൂറായി അടയ്ക്കേണ്ടതും പ്രതിമാസം അടയ്ക്കേണ്ടതായ തുക അതാത്
മാസം മൂന്നാമത്തെ പ്രവൃത്തി ദിവസം ആഫീസിൽ അടച്ചു രസീത്
വാങ്ങേണ്ടതുമാണ്.

9) കാന്റീൻ പ്രവർത്തനത്തിന് ആവശ്യമായ വെള്ളത്തിന്റെയും കറണ്ടിന്റെയും
ചാർജ്ജ്, കെട്ടിട നികുതി എന്നിവ കാന്റീൻ നടത്തിപ്പുകാരൻ സ്വന്തം ചെലവിൽ
നേരിട്ട് അടക്കേണ്ടതും കാന്റീനിൽ ഉണ്ടാകുന്ന ഖര ദ്രവ മാലിന്യങ്ങൾ
നടത്തിപ്പുകാരൻ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

10) ആശുപത്രി അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി
വൃത്തിഹീനമായ സാഹചര്യത്തിൽ കാന്റീൻ പ്രവർത്തിച്ചാൽ യാതൊരു വിധ
മുന്നറിയിപ്പുമില്ലാതെ കരാർ റദ്ദ് ചെയ്യുന്നതിന് സൂപ്രണ്ടിന് അധികാരം
ഉണ്ടായിരിക്കുന്നതാണ്. ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, ക്യാന്റീനും അതിന്റെ
ചുറ്റുപാടുകളുടെ ശുചീകരണം എന്നിവയുടെ മേൽ നോട്ടം ഈ സ്ഥാപനത്തിലെ
ഹൗസ് കീപ്പിംഗ് വിങ്ങിന്റെ നിയന്ത്രണത്തിലായിരിക്കും. ഭക്ഷണ സാധനങ്ങൾ
ശുചിത്വത്തോടു കൂടി തയ്യാറാക്കേണ്ടതും നിശ്ചിത അളവിലും ഗുണനിലവാര
ത്തിലും ടെന്ററിൽ പറയുന്ന നിരക്കിലും നൽകേണ്ടതാണ്. ടി വിഷയത്തിൽ ഹൗസ്
കീപ്പിംഗ് വിങ്ങിന്റെ പരിശോധന ഉണ്ടായിരിക്കുന്നതാണ്.

11) ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്ന കരാറുകാരൻ ആശുപത്രി സൂപ്രണ്ടിന്റെ
യും മാനേജ്മെന്റ് കമ്മിറ്റിയുടെയും നിയമങ്ങളും നിബന്ധനകളും പാലിച്ചു
കൊള്ളാമെന്നും കരാർവ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയില്ലാ
യെന്നും കാലാവധി കഴിയുമ്പോൾ യാതൊരുവിധതർക്കങ്ങളോ തടസ്സങ്ങളോ
ഉന്നയിക്കാതെ ഒഴിഞ്ഞു പോകാമെന്നും കാന്റീൻ നടത്തുന്ന കെട്ടിടത്തിന്
യാതൊരുവിധ കേടുപാടുകളും ഉണ്ടാകാതെ സൂക്ഷിച്ചു കൊള്ളാമെന്നും
500 രൂപ മുദ്രപത്രത്തിൽ രണ്ട് സാക്ഷികളുടെ ഒപ്പും വിലാസവും തിരിച്ചറിയൽ
കാർഡിന്റെ /ആധാർകാർഡിന്റെപകർപ്പുംസഹിതംസൂപ്രണ്ടിന് നൽകേണ്ടതാണ്.

12) ഏറ്റവും കൂടിയ തുകയ്ക്ക് ദർഘാസ് സമർപ്പിച്ചിട്ടുള്ള വ്യക്തിയുടെ പേരിൽ കരാർ
ഉറപ്പിക്കുകയും ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി 3 മാസത്തെ വാടക
മുൻകൂറായി ഡിപ്പോസിറ്റ് നൽകേണ്ടതാണ്. ക്യാന്റീൻ കാലാവധി അവസാനിക്കു
മ്പോൾ വാടക, കറന്റ ചാർജ്ജ്, ഏതെങ്കിലും ഇനത്തിലുള്ള നികുതികൾ എന്നിവ
യുടെ കുടിശ്ശിഖ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ഡിപ്പോസിറ്റ് നൽകിയിരിക്കുന്ന
തുകയിൽ നിന്നും കുറവ് വരുത്തി ബാക്കി നൽകുന്നതാണ്.

13) ക്യാന്റീൻ നടത്തുന്നതിനുള്ള കോർപ്പറേഷൻ ലൈസൻസ് കരാറുകാരൻ വാങ്ങേ
ണ്ടതും ഈ സ്ഥാപനമേലധികാരിക്ക് അതിന്റെ പകർപ്പ് നൽകേണ്ടതുമാണ്. അല്ലാ
ത്തപക്ഷം കരാർ റദ്ദാക്കുന്നതായിരിക്കും.

Scanned with CamScanner

14) കാന്റീനിൽ ജോലി നോക്കുന്നവർക്ക് ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ടതും ഡ്യൂട്ടി സമയങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

15) അപ്രകാരം തയ്യാറാക്കിയ ക്വട്ടേഷൻ നിരതദ്രവ്യം സഹിതം സീൽ ചെയ്ത കവറിലാക്കി കവറിനു പുറത്ത് ക്യാന്റീൻ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ക്വട്ടേഷൻ എന്നെഴുതേണ്ടതും സൂപ്രണ്ട് ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട എന്ന വിലാസം എഴുതി ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

16) ഭക്ഷ്യസുരക്ഷാ ലൈസൻസ് നിലവിലുള്ളതും സർക്കാർ സ്ഥാപനങ്ങളിൽ ക്യാന്റീൻ നടത്തിയതിന്റെ പരിചയ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

17) പൂർണ്ണ വിവരങ്ങൾഇല്ലാത്തതുംവ്യവസ്ഥകൾ പാലിക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

18) ദർഘാസുകൾ നിരസിക്കുന്നതിനും മാറ്റിവയ്ക്കുന്നതിനും ഉള്ള അധികാരം ആശുപത്രി സൂപ്രണ്ടിനുണ്ടായിരിക്കുന്നതാണ്.

19) ദർഘാസ് ഫാറത്തിന്റെ വിലയായ നികുതി ഉൾപ്പെടെ 1350/- രൂപ ആഫീസിൽ അടച്ച് അവ വാങ്ങാവുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളിൽ സൂപ്രണ്ടിന്റെ തീരുമാനം അന്തിമമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ (10.15 മണിമുതൽ 5 മണിവരെ) ആശുപത്രി ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.

ഡോ. സരിതകുമാരി.എൽ.ടി
സൂപ്രണ്ട്

<u>പകർപ്പ്</u>

ആരോഗ്യവകുപ്പ് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
ആർ.എം.ഒ/നേഴ്സിംഗ് സൂപ്രണ്ട്/സ്റ്റോർ സൂപ്രണ്ട്/ഹെൽത്ത് സൂപ്പർവൈസർ
നോട്ടീസ് ബോർഡ്-ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം
" ജില്ലാ മാതൃകാആശുപത്രി, പേരൂർക്കട
" മാനസികാരോഗ്യകേന്ദ്രം, പേരൂർക്കട
" ജില്ലാ ആശുപത്രി,നെടുമങ്ങാട്, തിരുവനന്തപുരം
" ജനറൽ ആശുപത്രി,നെയ്യാറ്റിൻകര, തിരുവനന്തപുരം
" ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം
" കോർപ്പറേഷൻ ഓഫീസ്, തിരുവനന്തപുരം
" താലൂക്ക് ഓഫീസ്, തിരുവനന്തപുരം
എൻ.എച്ച്.എം വെബ്സൈറ്റ്
പി.ആർ.ഒ

ബി.എം.

Scanned with CamScanner